(സി) കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രം ഒപ്പുവച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ ചുമതല കെ.എസ്.ഐ.ഡി.സി.-ക്കാണ്. മറ്റുള്ളവ നടപ്പിലാക്കുന്നതിന്റെ ചുമതല അതാതു വകുപ്പുകൾക്കാണ്.

(ഡി) 2001 മെയ് മാസത്തിനുശേഷം കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത 67 പദ്ധതികളിൽ പണി പൂർത്തിയാക്കി പ്രവർത്തന മാരംഭിച്ചിട്ടുള്ള 24 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. *

(ഇ) ഇപ്പോൾ നിർമ്മാണ ഘട്ടങ്ങളിലിരിക്കുന്ന 39 പദ്ധതികളുടേയും ധാരണാപത്രങ്ങളൊപ്പുവച്ചിട്ടുള്ള 38 പദ്ധതികളുടേയും വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

'ജിം' പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സമിതി

8 (4168) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള നിക്ഷേപക സംഗമത്തിൽ ഒപ്പിട്ട എം.ഒ.യു.കൾ സാധ്യതപ്രായമാക്കുന്നതിനുള്ള നടപടിക്രമമെന്താണ് ;

(ബി) പ്രസ്തുത സംഗമത്തിൽ പരിപാടികൾ സമർപ്പിച്ച വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവരവർ സമർപ്പിച്ച പദ്ധതികളെയും അതിൽ താല്പര്യം പ്രദർശിപ്പിച്ചവരെയും പിൻതുടർന്ന് അവ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ വിദഗ്ദ്ധന്മാരടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നവർ ആരെല്ലാമാണെന്നുകാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ധാരണാപത്രങ്ങൾ ഒപ്പിട്ട വകുപ്പുകൾക്കാണ് അതാത് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടുന്ന തുടർ നടപടി സ്വീകരിക്കുവാനുള്ള ചുമതല. 'ജിം' പദ്ധതികളുടെ പുരോഗതി നിക്ഷേപ പ്രോത്സാഹന ബോർഡ് വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അവയ്ക്ക് തത്വാധിഷ്ഠിത അനുമതി നൽകുവാനായി ശുപാർശ ചെയ്യുകയും ചെയ്യുന്നു. മന്ത്രിസഭാ യോഗത്തിൽ പരിശോധിച്ചതിനു ശേഷമാണ് സർക്കാർ അനുമതി നൽകുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'ജിം' പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനുള്ള ഒരു ദ്രുത സംവിധാനമായി പ്രവർത്തിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെ ഒരു ഉന്നതതല നിക്ഷേപ പ്രോത്സാഹന ബോർഡിന് രൂപം നൽകിയിട്ടുണ്ട്. പ്രത്യേകമായി ഒരു ടാസ്ക് ഫോഴ്സിന് രൂപം നൽകിയിട്ടില്ലെങ്കിലും നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ ഫീൽഡ് ആഫീസായ കെ.എസ്.ഐ.ഡി.സി. നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) നിക്ഷേപ പ്രോത്സാഹന ബോർഡിലെ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഇ.ആർ.സി. നൽകിയ ശുപാർശകൾ

9 (4169) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) സർക്കാരിന് നൽകിയ ശുപാർശകളിൽ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇ.ആർ.സി. യുടെ പരിശോധനയിൽ പുനഃസംഘടനയ്ക്കായി ശുപാർശ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(സി) ഇ.ആർ.സി. ഇതിനകം സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇ.ആർ.സി. ചെയർമാൻ ശ്രീ. ആർ.സി. ചൗധരിയെ കെൽട്രോണിന്റെ ചെയർമാനായി നിയമിച്ചിട്ടുണ്ടോ ;

(ഇ) ഇ.ആർ.സി. ചെയർമാനെ കെൽട്രോണിന്റെ ചെയർമാനായി നിശ്ചയിച്ചത് കെൽട്രോണിന്റെ പുനഃസംഘടനാ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ഉദ്ദേശിച്ചാണോ ;

(എഫ്) ഇ.ആർ.സി. യുടെ പ്രവർത്തനങ്ങൾക്കായി ഇതിനകം സർക്കാർ ചെലവഴിച്ചിട്ടുള്ള തുക എത്രയാണ് ;

(ജി) ഇ.ആർ.സി. യിൽ ഉൾപ്പെടുന്ന അംഗങ്ങൾ ആരൊക്കെയാണ് ; അവരുടെ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly